രണ്ട് കവിതകൾ

മഹ്മൂദ് അൽഫൗസ്

# മുറിഞ്ഞ വിരലുകൾ



മുറിഞ്ഞ വിരലുകളും
കരിഞ്ഞ മണവും
എന്റെ
ഇടറിയ വാക്കുകളും
അതാണ് ഒരു ദിവസം
കറുത്ത തൊണ്ടയിൽ
വെളുത്ത അക്ഷരങ്ങൾ
ഞെരിപിരികൊള്ളുമ്പോൾ
വാക്കുകൾക്ക് വേണ്ടി ഞാൻ
വീണ്ടും വീണ്ടും അധ്വാനിക്കുന്നു.
സഹിക്കെട്ട് ഞാൻ സംസാരിച്ച് തുടങ്ങി
പക്ഷേ ഉതിർന്നു വീണത്
ചുവന്നമോണയും വെളുത്ത
ശരീരവുമുള്ളൊരാൾ!
അയാളെന്നെ തുറിച്ചുനേക്കി
ഞാൻ എന്നിലേക്ക് തിരിച്ചു കയറി
മെല്ലെ നടന്നകന്നു
അപ്പോൾ
അകലെ കറുത്തപാടത്ത്
വിണ്ടുകീറിയ മണ്ണിനിടയിലൂടെ
വെളുത്തപൂക്കൾ മുളച്ച്
പൊങ്ങുന്നു
എന്റെ നടത്തത്തിന്
അൽപം വേഗതകൂട്ടി
ഹൃദയം വെന്ത്
കരിഞ്ഞു തുടങ്ങി
മുറിഞ്ഞ് വിരലുകളിൽ നിന്ന്
രക്തം ഉറ്റിവീഴാനും!

# വേട്ടക്കാരുടെ അമ്പുകൾ

രണ്ട് കിളികൾ പരസ്പരം
തർക്കിക്കുന്നു
വേട്ടക്കാരിൽ നിന്ന് നാം
എങ്ങനെ രക്ഷപ്പെടും
നാമെങ്ങനെ ഓടിപ്പോകും
മുട്ടകൾ വിരിയാറായി
നമ്മുടെ ചൂടും കാറ്റിന്റെ
തലോടലും ഏറ്റ്
കുഞ്ഞുങ്ങൾ വളർന്ന് വരുമോ?
വേട്ടക്കാരുടെ അമ്പുകൾ
ഉന്നംപിടിച്ച് ചീറിവരുമ്പോൾ
നാമെന്തിന്
തർക്കിക്കണം
അമ്പേറ്റ് കൂട്താഴെവീണു
അലമുറയിട്ട്
കിളികൾ മുട്ടയെടുത്തുനോക്കുമ്പോൾ
ഒരു വെളുത്ത പുക മാത്രം
അപ്പോൾ
അങ്ങകലെ ബാങ്കൊലികൾ
പോപിന്റെ ഈണമുള്ള
ഇശലുകളിൽ
മുഴങ്ങിക്കൊണ്ടിരുന്നു.

**പരിഭാഷ: ശിഹാബ് പൂക്കോട്ടൂർ**
(മഹ്മൂദ് അൽഫൗസ്, അൾജീരിയൻ കവി. ***മുറിഞ്ഞ വിരലുകൾ*** എന്ന കവിതാ സമാഹാരത്തിൽ നിന്ന്.
ഫ്രഞ്ച് അധിനിവേശത്തിന്റെ ശേഷിപ്പുകൾ അൾജീരിയൻ ജീവിതത്തെ എങ്ങനെ ബാധിക്കുന്നു വെന്നതിനെ കുറിച്ച് ധാരാളം കവിതകൾ എഴുതിയിട്ടുണ്ട്.)

